# ഇസ്രയേൽ ഭീകരതയുടെ അറുപതാണ്ട്

**ഭീകരതയും** വംശീയതയും മാത്രം ആദർശമാക്കി നിലവിൽവന്ന ഇസ്രയേൽ അറുപതാം വാർഷികം ആഘോഷിക്കുമ്പോൾ ലോകമൊട്ടുക്കുമുള്ള ഫലസ്തീനികൾക്കിത് *നകബ*യാണ്. നകബയെന്നാൽ മഹാദുരന്തം. സയണിസ്റ്റ് രാഷ്ട്രത്തിന്റെ ഭീകരതയാണ് നകബ പ്രതിനിധാനം ചെയ്യുന്നത്. അമേരിക്കയും ബ്രിട്ടനും ഉൾപ്പെടെ സയണിസ്റ്റ് രാജ്യത്തിന്റെ പിറവിക്ക് വഴിവെച്ചവർ അറുപതാം വാർഷികം കെങ്കേമമായി തന്നെ ആഘോഷിക്കുകയാണ്. വാർഷികത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ യു.എസ് പ്രസിഡന്റ് ജോർജ് ഡബ്ല്യു ബുഷ് രണ്ടു മാസത്തിനിടയിൽ രണ്ട് തവണയാണ് ഇസ്രയേലിൽ പറന്നെത്തിയത്. ഇസ്രയേൽ നെസറ്റിൽ പ്രസംഗിക്കവെ 'ഫലസ്തീൻ ഭീകരത'യെ ചെറുക്കാൻ ഇസ്രയേലിനൊപ്പം തങ്ങളെന്നും ഉണ്ടാകുമെന്ന് ഉറപ്പു നൽകാൻ ബുഷ് മറന്നില്ല.

ഫലസ്തീനികൾ നകബയെന്ന വാക്ക് ഉച്ചരിക്കുന്നതു പോലും സയണിസ്റ്റുകൾക്ക് സഹിക്കുന്നില്ല. യു.എന്നിന്റെ പദപ്രയോഗങ്ങളിൽനിന്ന് നകബ നീക്കം ചെയ്യണമെന്ന് അവർ ആവശ്യപ്പെട്ടിരിക്കുന്നു. നകബ ദിനത്തിൽ ഫലസ്തീൻ പ്രസിഡന്റ് മഹ്മൂദ് അബ്ബാസിനെ ടെലിഫോണിൽ വിളിച്ച് യു.എൻ സെക്രട്ടറി ജനറൽ തന്റെ പിന്തുണ അറിയിച്ചതായി അദ്ദേഹത്തിന്റെ വക്താവ് പത്രസമ്മേളനത്തിൽ പറഞ്ഞതാണ് ജൂതരാഷ്ട്രത്തെ ചൊടിപ്പിച്ചത്. ഇസ്രയേലിന്റെ നിലനിൽപ്പിനെതിരെ അറബികൾ നടത്തിവരുന്ന പ്രചാരണങ്ങളിൽപെട്ട ഒരു ആയുധമാണ് നകബയെന്നും അതിനാൽ യു.എൻ അത് നിരോധിക്കണമെന്നും യു.എന്നിലെ ഇസ്രയേലീ ഡെപ്യൂട്ടി അംബാസഡർ ഡാനി കാർമൺ ആവശ്യപ്പെടുകയുണ്ടായി.

### സയണിസ്റ്റ്-യാങ്കീ ഭീകരത

ലോക ജനസംഖ്യയുടെ .001 ശതമാനം മാത്രം വരുന്ന ഇസ്രയേൽ ഭീകരരാഷ്ട്രമായാണ് പിറവിയെടുത്തതു തന്നെ. കഴിഞ്ഞ അരനൂറ്റാണ്ടു കാലം ആ രാജ്യം നടത്തിവന്ന ഭീകരപ്രവർത്തനങ്ങൾക്ക് പൂർണ സഹായം നൽകിയതിന്റെ ഉത്തരവാദിത്വം അമേരിക്ക ഏറ്റെടുത്തേ തീരൂ. ഫലസ്തീനികൾക്കെതിരെ ഇസ്രയേൽ നടത്തിവരുന്ന അധിനിവേശങ്ങളെ അപലപിച്ച് യു.എൻ സുരക്ഷാ സമിതിയിൽ അവതരിപ്പിച്ച പ്രമേയങ്ങളിൽ 36 എണ്ണം വീറ്റോ ചെയ്ത് (ശൈഖ് അഹ്മദ് യാസീന്റെ നിഷ്ഠുരമായ വധത്തെ അപലപിക്കുന്ന പ്രമേയത്തിനും ഇതേ ഗതിയുണ്ടായി) സയണിസ്റ്റ് ഭീകരതക്ക് പരസ്യ പിന്തുണയാണ് അമേരിക്ക നൽകിപ്പോരുന്നത്. ജൂത ലോബിയുടെ ആശീർവാദമില്ലാതെ അമേരിക്കയിൽ പ്രസിഡന്റാകാനൊക്കില്ല. ഗസ്സയിലും റാമല്ലയിലും ജെനിനിലും ഫലസ്തീനികൾ കൂട്ടക്കൊല ചെയ്യപ്പെട്ട നാളുകളിലൊന്നിൽ (2001 ഒക്ടോബർ മൂന്നിന്) ഇസ്രയേൽ പ്രധാനമന്ത്രി ഏരിയൽ ഷാരോൺ നെസറ്റിൽ (പാർലമെന്റ്) ചെയ്ത പ്രസംഗത്തിലെ വരികൾ ഈ ധാർഷ്ട്യത്തിന്റെ ചെറു സാമ്പിളാണ്.

" ഞങ്ങൾ എന്തിനെങ്കിലും ഇറങ്ങി

**പിൽക്കാലത്ത് പ്രധാനമന്ത്രിയായ ലിക്കുഡ് പാർട്ടി നേതാവും സയണിസ്റ്റ് ഭീകരനുമായ ഏരിയൽ ഷാരോൺ 2000 സെപ്റ്റംബർ 28-ന് ജൂത ഭരണകൂടത്തിന്റെ പൂർണ പിന്തുണയോടെ മസ്ജിദുൽ അഖ്സ്വായിൽ പ്രവേശിച്ചതാണ് രണ്ടാം ഇൻതിഫാദക്ക് തുടക്കമായത്. മൂവായിരത്തോളം പട്ടാളക്കാരുടെ അകമ്പടിയോടെ വിശുദ്ധ ഭവനത്തിൽ ഷാരോൺ കടന്നത് പ്രകോപനമുണ്ടാക്കാൻ തന്നെയായിരുന്നു. എന്നാൽ ജൂത രാഷ്ട്രം പ്രതീക്ഷിക്കാത്ത പ്രത്യാഘാതങ്ങൾക്കാണ് ഇതു വഴിവെച്ചത്.**

പ്പുറപ്പെടുമ്പോഴൊക്കെ അമേരിക്ക അങ്ങനെ ചെയ്യും ഇങ്ങനെ ചെയ്യുമെന്നൊക്കെ പറഞ്ഞ് ഭയപ്പെടുത്താൻ ചിലർ ശ്രമിക്കാറുണ്ട്... എന്നാൽ ഒരു കാര്യം ഉറപ്പിച്ചു പറയാൻ ഞാൻ ആഗ്രഹിക്കുന്നു: ഇസ്രയേലിനുമേൽ അമേരിക്കൻ സമ്മർദത്തെക്കുറിച്ച് വേവലാതിപ്പെടേണ്ട. ഞങ്ങൾ, ജൂതന്മാരാണ് അമേരിക്കയെ നിയന്ത്രിക്കുന്നത്. ഇക്കാര്യം അവർക്ക് നന്നായി അറിയാം...".

ഇസ്രയേലിന്റെ പ്രതിരോധച്ചെലവുകളിൽ ഗണ്യമായ ഒരു ഭാഗം വഹിക്കുന്നത് അമേരിക്കയാണ്. അമേരിക്കയിലെ നികുതിദായകർ നൽകുന്ന പണമാണ് വർഷം തോറും അഞ്ച് ബില്യൻ ഡോളറിന്റെ സാമ്പത്തിക സഹായമായി ഇസ്രയേലിൽ എത്തുന്നത്. ഈജിപ്ത്, സിറിയ, ജോർദാൻ, ലബനാൻ എന്നീ അറബ് അയൽ രാജ്യങ്ങളുടെ മൊത്തം പ്രതിരോധ ബജറ്റ് ഇസ്രയേലിനൊപ്പമെത്തില്ല. മേഖലയിൽ ആണവായുധങ്ങൾ ഉള്ളത് ഇസ്രയേലിനു മാത്രമാണ്. അവ ഇരുനൂറിലേറെ വരും. ബാലിസ്റ്റിക്, ക്രൂസ് മിസൈലുകളുടെ കാര്യത്തിലും ഇസ്രയേൽ അയൽ രാഷ്ട്രങ്ങളെ കൊച്ചാക്കിയിരിക്കുന്നു. ജെറിക്കോ-1 (500 കി.മീറ്റർ ദൂരപരിധി), ജെറിക്കോ-2 (1,500 കി.മീറ്റർ), ദലില-2 (4,00 കി.മീറ്റർ), ഗബ്രിയേൽ-4 എൽ.ആർ (200 കി.മീറ്റർ) എന്നിവയാണ് ഇസ്രയേലിന്റെ ആയുധപ്പുരയിലുള്ള മിസൈലുകൾ. പ്രോജക്റ്റ്-റ്റി എന്ന 450 കി.മീറ്റർ ദൂരപരിധിയുള്ള മിസൈലിൽ ഒതുങ്ങുന്നു ഈജിപ്തിന്റെ മറുപടി. 150 കോടി ഡോളറിന്റെ സ്വകാര്യ യു.എസ് ഫണ്ട് വർഷം തോറും ഇസ്രയേലിന് ലഭിക്കുന്നു. ഇതിൽ നൂറു കോടി നികുതി രഹിത സംഭാവനകളും ബാക്കി ഇസ്രയേലി ബോണ്ടുകളുമാണ്. ഒരു വിദേശ രാജ്യത്തെ ഗവൺമെന്റിന് സംഭാവന നൽകുന്ന പണത്തെ നികുതിയിൽനിന്ന് ഒഴിവാക്കുന്നത് ലോകത്ത് മറ്റൊരിടത്തും നടക്കാത്തതാണ്.

### ഗൂഢനീക്കങ്ങൾ

ലോക മുസ്‌ലിംകൾക്ക് പാവനമായ അഖ്സ്വാ പള്ളിയുടെ നിലനിൽപ് അപകടപ്പെടുത്തുന്ന ഖനന പരിപാടിയുമായി ഇസ്രയേൽ ഭരണകൂടം ഇടക്കിടെ ഇറങ്ങിത്തിരിക്കാറുണ്ട്. ഉൽഖനനത്തിനും അഖ്സ്വാ ഉൾപ്പെടുന്ന കെട്ടിട സമുച്ചയത്തിലേക്കുള്ള നടപ്പാത നിർമാണത്തിനും എതിരെ ഫലസ്ത്വീനികളുടെയും മുസ്‌ലിം ലോകത്തിന്റെയും ശക്തമായ പ്രതിഷേധം ഉയരുമ്പോൾ നിർമാണപ്രവർത്തനം തൽക്കാലം നിർത്തിവെക്കും. പള്ളി തകർക്കാനുള്ള ആസൂത്രിത നീക്കങ്ങളുടെ ഭാഗമാണിതെന്ന് മുസ്‌ലിം ലോകം നേരത്തെ മുന്നറിയിപ്പ് നൽകിയതാണ്. അഖ്സ്വായുടെ അടിത്തറയെ ബാധിക്കുന്ന ഖനനം നിയമവിരുദ്ധവും ലോകത്തിലെ പഴക്കം ചെന്ന ദേവാലയത്തെ അപകടപ്പെടുത്തുന്ന നടപടിയുമാണെന്ന് ഇസ്രയേലിലെ പ്രശസ്തരായ 18 പുരാവസ്തു ഗവേഷകർ 2006 മാർച്ചിൽ സംയുക്ത

> **ഹമാസ് പോലുള്ള വിമോചന പ്രസ്ഥാനങ്ങൾ മാത്രമാണ് ഫലസ്ത്വീന്റെ സമ്പൂർണ മോചനത്തിനായി പ്രവർത്തിക്കുന്നത്. 1967-ലെ യുദ്ധത്തിൽ ഇസ്രയേൽ പിടിച്ചെടുത്ത പ്രദേശങ്ങളിൽ ഒതുങ്ങിയുള്ള ഫലസ്ത്വീൻ രാഷ്ട്രം എന്നിടത്തേക്ക് ചുരുങ്ങിയിരിക്കുകയാണ് ഫതഹ് പ്രസ്ഥാനം. വർഷങ്ങളായി അമേരിക്ക പറയുന്നേടത്തൊക്കെ ഒപ്പുവെച്ചിട്ടും പരിമിതമായ ഈ ലക്ഷ്യം പോലും അവർക്ക് നേടാനായിട്ടില്ല.**

പ്രസ്താനവയിൽ പറയുന്നു.

1967-ൽ കിഴക്കൻ ജറൂസലം കൈയടക്കിയതോടെയാണ് സയണിസ്റ്റുകളുടെ ഗൂഢതന്ത്രങ്ങൾ ഒന്നൊന്നായി പുറത്തുവരാൻ തുടങ്ങിയത്. പ്രവാചകൻ സുലൈമാന്റെ ദേവാലയം (ഹൈക്കൽ) കണ്ടെത്താനെന്ന പേരിൽ മസ്ജിദുൽ അഖ്സ്വായുടെ ചുവട്ടിൽ ഉൽഖനനം തുടങ്ങിയായിരുന്നു ആദ്യ നീക്കം. 1969 ആഗസ്റ്റ് 21-ന് വെയ്ൻസ് മൈക്കൽ എന്ന ഓസ്ട്രേലിയൻ ക്രിസ്ത്യൻ സയണിസ്റ്റ് മസ്ജിദുൽ അഖ്സ്വാക്ക് തീക്കൊടുത്തത് ലോക മുസ്‌ലിംകളുടെ ശക്തമായ പ്രതിഷേധത്തിനിടയാക്കി. സ്വലാഹുദ്ദീൻ അയ്യൂബി സ്ഥാപിച്ച പ്രസംഗപീഠം ഉൾപ്പെടെ പള്ളിയുടെ ചില പ്രധാന ഭാഗങ്ങൾ കത്തിനശിച്ചു. മസ്ജിദുൽ അഖ്സ്വാ തകർക്കാൻ ഇസ്രയേൽ ഭരണകൂടം നടത്തുന്ന നീക്കങ്ങൾ മുസ്‌ലിംലോകം ഗൗരവത്തോടെ വീക്ഷിക്കാൻ തുടങ്ങിയത് ഈ സംഭവത്തോടെയാണ്. അഖ്സ്വായുമായി ബന്ധപ്പെട്ട വിഷയത്തിൽ ചേർന്ന മുസ്‌ലിം രാജ്യങ്ങളുടെ ഉച്ചകോടിയാണ് ഓർഗനൈസേഷൻ ഓഫ് ഇസ്‌ലാമിക് കോൺഫറൻസിന്റെ (ഒ.ഐ.സി) പിറവിക്കു പോലും വഴിവെച്ചത്.

1948-ലെ അറബ്-ഇസ്രയേൽ യുദ്ധത്തെ തുടർന്നാണ് ജറൂസലം വിഭജിക്കപ്പെടുന്നത്. ജൂതന്മാർ കൂടുതലായി അധിവസിക്കുന്ന പടിഞ്ഞാറൻ ജറൂസലം ഇസ്രയേലിന്റെയും അറബികൾ ഭൂരിപക്ഷമുള്ള കിഴക്കൻ ജറൂസലം ജോർദാന്റെയും നിയന്ത്രണത്തിലായി. പടിഞ്ഞാറൻ ജറൂസലമിലെ അറബ് നിവാസികളെ നിർബന്ധപൂർവം പുറത്താക്കിയ സയണിസ്റ്റുകൾ മസ്ജിദുൽ അഖ്സ്വാ ഉൾപ്പെടുന്ന കിഴക്കൻ ജറൂസലമും കൈവശപ്പെടുത്താൻ കാത്തിരിക്കുകയായിരുന്നു. 1967-ലെ ആറു ദിവസം നീണ്ട യുദ്ധത്തിൽ പുണ്യ നഗരം പൂർണമായി അവരുടെ അധീനതയിലായി.

കിഴക്കൻ, പടിഞ്ഞാറൻ നഗരങ്ങളെ ഒരൊറ്റ നഗരവും ഇസ്രയേലിന്റെ എക്കാലത്തേക്കുമുള്ള തലസ്ഥാനവുമായി പ്രഖ്യാപിക്കുന്ന ജറൂസലം നിയമം 1980-ൽ ജൂതരാഷ്ട്രം പാസാക്കിയെങ്കിലും ഐക്യരാഷ്ട്രസഭാ രക്ഷാസമിതി അംഗീകരിച്ചിട്ടില്ല. കിഴക്കൻ ജറൂസലം അധിനിവേശത്തിലൂടെ ഇസ്രയേലിനോട് ചേർത്തത് അന്താരാഷ്ട്ര നിയമങ്ങളുടെ ലംഘനമാണെന്ന് 478-ാം നമ്പർ പ്രമേയത്തിൽ യു.എൻ വ്യക്തമാക്കി. വോട്ടെടുപ്പിൽനിന്ന് വിട്ടുനിന്ന് ഇസ്രയേലിന് പിന്തുണ പ്രഖ്യാപിക്കുകയാണ് അമേരിക്ക ചെയ്തത്. രക്ഷാസമിതി പ്രമേയങ്ങൾക്ക് പുല്ലുവില കൽപിച്ച ഇസ്രയേൽ, ഭരണസിരാകേന്ദ്രങ്ങൾ ഒന്നൊന്നായി ജറൂസലമിലേക്ക് മാറ്റാൻ തുടങ്ങി. പാർലമെന്റ് (നെസറ്റ്) മന്ദിരവും പ്രധാനമന്ത്രിയുടെയും പ്രസിഡന്റിന്റെയും ഭവനവുമൊക്കെ അവിടെത്തന്നെ പണിത് ജറൂസലം എക്കാലവും ജൂതരാഷ്ട്രത്തിന്റെ അവിഭാജ്യഘടകമാണെന്ന് പ്രഖ്യാപിക്കുകയായിരുന്നു.

കിഴക്കൻ ജറൂസലം അന്യായമായി കൂട്ടിച്ചേർത്ത ശേഷം അവിടത്തെ അറബ്നിവാസികൾക്ക് ചില വ്യവസ്ഥകൾക്ക് വിധേയമായി പൗരത്വം നൽകാമെന്ന് ഇസ്രയേൽ പ്രഖ്യാപിച്ചിരുന്നു. ജൂതരാഷ്ട്രത്തോട് കൂറ് പ്രഖ്യാപിക്കണമെന്നും മറ്റേതെങ്കിലും പൗരത്വം ഉണ്ടെങ്കിൽ അവ പൂർണമായി വർജിക്കുകയും വേണമെന്നായിരുന്നു പ്രധാന വ്യവസ്ഥ


കൾ. എന്നാൽ, ഭൂരിപക്ഷം ഫലസ്ത്വീനികളും ഇസ്രയേലീ പൗരത്വം സ്വീകരിക്കാൻ തയാറായില്ല. അത്തരക്കാർക്ക് സ്ഥിര താമസത്തിനുള്ള പെർമിറ്റ് നൽകുമെന്നായിരുന്നു ഇസ്രയേൽ പ്രഖ്യാപനം. എന്നാൽ കിഴക്കൻ ജറൂസലമിലെ അറബ് ഭൂരിപക്ഷം ഭീഷണിയാണെന്ന് കണ്ട ജൂതരാഷ്ട്രം പല പ്രതികാര നടപടികളും ആരംഭിച്ചു. പെർമിറ്റ് പുതുക്കി നൽകാതിരിക്കുക, ജറൂസലം വിട്ടുപോയവർ തിരികെ വന്നാൽ താമസാവകാശം നഷ്ടപ്പെടുക തുടങ്ങിയവ ദുഷ്ട നടപടികളിൽ ചിലതായിരുന്നു.

ജറൂസലമിലെ അറബ് ജനസംഖ്യ 22 ശതമാനത്തിൽ കൂടരുതെന്ന കർശന നിലപാടാണ് ഇതഃപര്യന്തം ജൂതരാഷ്ട്രം കൈക്കൊണ്ടത്. അതിനായി ജറൂസലമിൽ കുടിയേറ്റം നടത്തുന്ന ജൂതന്മാരെ അഞ്ചു വർഷത്തേക്ക് മുനിസിപ്പൽ നികുതിയിൽനിന്ന് ഒഴിവാക്കി. എന്നാൽ ഫലസ്ത്വീനികൾ അടക്കേണ്ട നികുതി അഞ്ച് മടങ്ങ് വർധിപ്പിക്കുകയും ചെയ്തു. ജറൂസലം നഗരവാസികളിൽ 58 ശതമാനവും (4,10,000) മസ്ജിദുൽ അഖ്സ്വാ സ്ഥിതി ചെയ്യുന്ന കിഴക്കൻ നഗരത്തിലാണ് താമസം. ഇവിടത്തെ മുസ്‌ലിം ജനസംഖ്യ രണ്ടേകാൽ ലക്ഷത്തിലേറെയും (55 ശതമാനം) ജൂതസംഖ്യ 1,84,000 (45 ശതമാനം)വുമാണ്. മുസ്‌ലിം സാന്നിധ്യം കുറക്കാൻ ജൂതഭരണകൂടം പലവിധ ദ്രോഹ നടപടികളും സ്വീകരിച്ചുവരുന്നു.

### ഇൻതിഫാദയും ഹമാസും

അമേരിക്കയുടെ സൈനിക, സാമ്പത്തിക സഹായങ്ങളുടെ പിന്തുണയോടെ ഫലസ്ത്വീനികളെ നിഷ്ഠുരമായി നേരിട്ട ഇസ്രയേലിന് ശക്തമായ താക്കീതായാണ് ഇൻതിഫാദ (ഉയിർത്തെഴുന്നേൽപ്) തുടക്കം കുറിക്കപ്പെടുന്നത്. അധിനിവേശ ഫലസ്ത്വീനിലെ ബൈത്ത് ഹാനൂനിൽ ഇസ്രയേൽ നടത്തിയ നരമേധത്തിൽ പ്രതിഷേധിച്ച് 1987 - സിസംബറിൽ യുവാക്കൾ ആരംഭിച്ച ഇൻതിഫാദ എന്ന പുതിയ സമരമുറ സജീവമായി നിലനിർത്താൻ സംഘടിത ശക്തി ആവശ്യമാണെന്ന തിരിച്ചറിവാണ് ഹമാസ് എന്ന ചെറുത്തുനിൽപ് പ്രസ്ഥാനത്തിന്റെ പിറവിക്ക് കാരണമാവുന്നത്. സയണിസ്റ്റ് ഉരുക്കുമുഷ്ടിയെ കല്ലുകൾ കൊണ്ട് നേരിടുന്ന പുതിയ സമരമുറയുടെ പിന്നാമ്പുറ ശക്തി ഇസ്‌ലാമിക ചെറുത്തുനിൽപ് പ്രസ്ഥാനമായ ഹമാസ് ആയിരുന്നു. ഇസ്രയേലി ഉൽപന്നങ്ങൾ ബഹിഷ്കരിക്കുക, നികുതി നൽകാതി

## ധീര വിമോചകർ


അഹ്മദ് യാസീൻ


റൻതീസി


ഇസ്സുദ്ദീൻ അൽ ഖസ്സാം



യഹ്‌യാ അയ്യാശ്


അബൂ ശനബ്

പിറന്നമണ്ണിന്റെ വിമോചനത്തിനായുള്ള പോരാട്ടത്തിൽ രക്തസാക്ഷിത്വം വരിച്ച ഫലസ്ത്വീനികളെ ഓർമിക്കാതെ ഇസ്രയേലിന്റെ 60 വർഷ ചരിത്രം പൂർണമാകില്ല. ഇസ്സുദ്ദീൻ അൽ ഖസ്സാം മുതൽ ഹമാസ് നേതാവ് ഡോ. അബ്ദുൽ അസീസ് റൻതീസി വരെയുള്ള നേതാക്കളും നിരവധി ധീര പോരാളികളും രക്തസാക്ഷികളായത് പിറന്ന മണ്ണിന്റെ മോചനത്തിനു വേണ്ടിയാണ്. ഹമാസിന്റെ പരമോന്നത നേതാവ് ശൈഖ് അഹ്മദ് യാസീന്റെ നിഷ്ഠുര വധം നടന്ന് ഒരു മാസം തികയും മുമ്പാണ് റൻതീസി വധിക്കപ്പെടുന്നത്. ലോകം മുഴുവൻ അപലപിച്ചിട്ടും ശൈഖ് യാസീന്റെ വധത്തെ വെള്ളപൂശിയ ബുഷിൽനിന്ന് ലഭിച്ച ഉറച്ച പിന്തുണയോടെയാണ് റൻതീസിയെയും ഇസ്രയേൽ പട്ടാളം വധിച്ചത്. റൻതീസിയുടെയും അദ്ദേഹത്തിന്റെ മകൻ ഉൾപ്പെടെയുള്ളവരുടെയും ജീവൻ അപഹരിച്ച മിസൈൽ തൊടുത്തത് അമേരിക്കയുടെ അപാച്ചെ ഹെലികോപ്റ്ററിൽ നിന്നായിരുന്നു.


ഖാലിദ് മിശ്അൽ

ഗസ്സ നഗരത്തിലെ ലബീദീദ് സ്ട്രീറ്റിൽ കാറിൽ സഞ്ചരിക്കുമ്പോഴാണ് ഇസ്രയേലിന്റെ ഹിറ്റ്ലിസ്റ്റിലുള്ള റൻതീസിക്കു നേരെ സന്ധ്യയോടെ മിസൈലാക്രമണമുണ്ടായത്. ഗസ്സയിലെ തന്നെ സബ്രയിൽ അൽ മുജമ്മ അൽ ഇസ്‌ലാമീ മസ്ജിദിൽ പ്രഭാത പ്രാർഥന നിർവഹിച്ച് മടങ്ങുമ്പോഴാണല്ലോ ഇസ്രയേലീ ഭീകരതയുടെ മിസൈലുകൾ അഹ്മദ് യാസീന്റെ രക്തസാക്ഷ്യ അഭിലാഷം പൂർത്തീകരിച്ചുകൊടുത്തത്. തന്റെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് യാസീനെ വധിച്ചതെന്ന് ഏരിയൽ ഷാരോൺ പരസ്യമായി പ്രഖ്യാപിച്ചിരുന്നു.


ഇസ്മാഈൽ ഹനിയ്യ

ഹമാസിന്റെ പ്രമുഖ നേതാക്കളെയൊക്കെ ഇസ്രയേൽ വധിക്കുകയായിരുന്നു. ഹമാസിന്റെ സൈനിക വിഭാഗമായ ഇസ്സുദ്ദീൻ അൽ ഖസ്സാമിന്റെ നേതാക്കളായ യഹ്‌യ അയ്യാശിനെ '95 ഡിസംബറിലും സ്വാലഹ് ശഹാദയെ 2002 ജൂലൈയിലും വധിച്ച ഇസ്രയേൽ, ശഹാദയുടെ പിൻഗാമിയായി സ്ഥാനമേറ്റ മുഹമ്മദ് ദെയ്ഫിനുനേരെ ഒന്നിലേറെ തവണ വധശ്രമം നടത്തുകയുണ്ടായി. ഖസ്സാമിന്റെ ധീരനായ പോരാളി മഹ്മൂദ് അബൂഹന്നൂദാണ് രക്തസാക്ഷിയായ മറ്റൊരു നേതാവ്. മുതിർന്ന നേതാവ് ഇസ്മാഈൽ അബൂ ശനബിനെ മിസൈലയച്ചാണ് വധിച്ചത്. മറ്റൊരു മുതിർന്ന നേതാവ് ഡോ. മഹ്മൂദുസ്സഹറിനെ കുടുംബത്തോടൊപ്പം വധിക്കാൻ നടത്തിയ ശ്രമത്തിൽ അദ്ദേഹത്തിന്റെ മകൻ കൊല്ലപ്പെടുകയും ഭാര്യക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. ഹമാസ് നേതൃത്വത്തെ ഉന്മൂലനം ചെയ്യുമെന്ന ഭീഷണി ഇസ്രയേൽ ആവർത്തിക്കുന്നുണ്ട്. പോളിറ്റ്ബ്യൂറോ ചീഫ് ഖാലിദ് മിശ്അലും പ്രധാനമന്ത്രി ഇസ്മാഈൽ ഹനിയ്യയും ലിസ്റ്റിലുള്ള പ്രമുഖരാണ്. '97 സെപ്റ്റംബർ 25-ന് ജോർദാൻ തലസ്ഥാനമായ അമ്മാനിൽ മൊസാദ് ഏജന്റുമാർ മിശ്അലിന്റെ മുഖത്തേക്ക് വിഷവാതകം സ്പ്രേ ചെയ്ത് അദ്ദേഹത്തെ വധിക്കാൻ ശ്രമിച്ചിരുന്നു. പ്രധാനമന്ത്രി നെതന്യാഹുവിന്റെ നിർദേശ പ്രകാരം രണ്ട് ഇസ്രയേൽ ഏജന്റുമാരാണ് ഇത് ചെയ്തത്. മിശ്അൽ കൊല്ലപ്പെട്ടാൽ ഇസ്രയേലുമായുള്ള ബന്ധങ്ങൾ വിഛേദിക്കുമെന്ന് മുന്നറിയിപ്പ് നൽകിയാണ് ഹുസൈൻ രാജാവ് അദ്ദേഹത്തിന്റെ തുണക്കെത്തിയത്.

രിക്കുക തുടങ്ങിയ പുതിയ സമരമുഖം കൂടി ഹമാസ് തുറന്നു. എന്നാൽ ഇൻതിഫാദയുടെ പിതൃത്വം ഏറ്റെടുക്കാനുള്ള ശ്രമമാണ് പി.എൽ.ഒയുടെ നേതൃത്വത്തിലുള്ള ഫതഹ് നടത്തിയത്. യു.എൻ അംഗീകരിച്ച ഫലസ്ത്വീനികളുടെ നിയമാനുസൃത പ്രതിനിധിയെന്ന പിൻബലത്തിൽ പി.എൽ.ഒയുമായാണ് ഇൻതിഫാദ അവസാനിപ്പിക്കുന്നതു സംബന്ധിച്ച് ഇസ്രയേൽ ചർച്ചകൾ നടത്തിയത്.

പിൽക്കാലത്ത് പ്രധാനമന്ത്രിയായ ലിക്കുഡ് പാർട്ടി നേതാവും സയണിസ്റ്റ് ഭീകരനുമായ ഏരിയൽ ഷാരോൺ 2000 സെപ്റ്റംബർ 28-ന് ജൂത ഭരണകൂടത്തിന്റെ പൂർണ പിന്തുണയോടെ മസ്ജിദുൽ അഖ്സയിൽ പ്രവേശിച്ചതാണ് രണ്ടാം ഇൻതിഫാദക്ക് തുടക്കമായത്. മൂവായിരത്തോളം പട്ടാളക്കാരുടെ അകമ്പടിയോടെ വിശുദ്ധ ഭവനത്തിൽ ഷാരോൺ കടന്നത് പ്രകോപനമുണ്ടാക്കാൻ തന്നെയായിരുന്നു. എന്നാൽ ജൂത രാഷ്ട്രം പ്രതീക്ഷിക്കാത്ത പ്രത്യാഘാതങ്ങൾക്കാണ് ഇതു വഴിവെച്ചത്. നിഷ്കളങ്കനായ പന്ത്രണ്ടു വയസ്സുകാരൻ മുഹമ്മദ് അൽ ദുറയെ പിതാവിന്റെ മുന്നിൽവെച്ച് ഹീനമായി വെടിവെച്ചുകൊന്ന ഇസ്രയേൽ പട്ടാളത്തിന്റെ കാടത്തം ലോകത്തിനു മുന്നിൽ വെളിവാക്കുന്നതായിരുന്നു അഖ്സ ഇൻതിഫാദയുടെ ആദ്യ നാളുകൾ.

ഹമാസ് പോലുള്ള വിമോചന പ്രസ്ഥാനങ്ങൾ മാത്രമാണ് ഫലസ്ത്വീന്റെ സമ്പൂർണ മോചനത്തിനായി പ്രവർത്തിക്കുന്നത്. 1967-ലെ യുദ്ധത്തിൽ ഇസ്രയേൽ പിടിച്ചെടുത്ത പ്രദേശങ്ങളിൽ ഒതുങ്ങിയുള്ള ഫലസ്ത്വീൻ രാഷ്ട്രം എന്നിടത്തേക്ക് ചുരുങ്ങിയിരിക്കുകയാണ് ഫതഹ് പ്രസ്ഥാനം. വർഷങ്ങളായി അമേരിക്ക പറയുന്നേടത്തൊക്കെ ഒപ്പുവെച്ചിട്ടും പരിമിതമായ ഈ ലക്ഷ്യം പോലും അവർക്ക് നേടാനായിട്ടില്ല. ഫലസ്ത്വീനെ ഇല്ലാതാക്കിയ ശക്തികൾ അതിന്റെ പുനർജീവനം ആഗ്രഹിക്കുന്നില്ല. ഉച്ചകോടികൾ നടത്തി അറബികളെ അവർ വഞ്ചിക്കുകയാണ്.



**ഇസ്രയേൽ എന്ന ഭീകര രാഷ്ട്രത്തിന്റെ ഫാഷിസ്റ്റ് തേർവാഴ്ചക്ക് സമ്മതപത്രം നൽകുകയാണ് പാശ്ചാത്യർ. അമേരിക്കയുടെയും ബ്രിട്ടന്റെയും ശക്തമായ പിന്തുണ ഇല്ലായിരുന്നെങ്കിൽ ജൂത രാഷ്ട്രം ഇവ്വിധം ഫലസ്ത്വീനികൾക്കുമേൽ കടുത്ത മനുഷ്യാവകാശ ലംഘനങ്ങൾ നടത്തുമായിരുന്നില്ല. ഉയർന്ന യു.എൻ ഉദ്യോഗസ്ഥനെ വധിക്കാൻ ആഹ്വാനം ചെയ്ത യാളെ പ്രധാനമന്ത്രിയാക്കിയ രാജ്യമാണ് ഇസ്രയേൽ.**

## അശാന്തിക്ക് കാരണക്കാർ

മുൻ അമേരിക്കൻ പ്രസിഡന്റ് ജിമ്മി കാർട്ടർ എഴുതിയ *Palestine: Peace Not Apartheid* (ഫലസ്ത്വീൻ: വർണവെറിയല്ല സമാധാനം) എന്ന പുസ്തകത്തിൽ ഗൗരവമായ ചില നിരീക്ഷണങ്ങൾ നടത്തുന്നുണ്ട്. അവ ഇങ്ങനെ സംഗ്രഹിക്കാം: സ്വന്തം വീടുകളിൽനിന്നും ഭൂപ്രദേശത്തുനിന്നും ആരാധനാലയങ്ങളിൽനിന്നും ആട്ടിയോടിക്കപ്പെട്ട ഫലസ്ത്വീനികൾക്ക് പ്രതിഷേധിക്കാൻ പോലും അവകാശം നൽകുന്നില്ല. പ്രതിഷേധകരെ നിഷ്ഠുരം അടിച്ചമർത്തുകയാണ് ഇസ്രയേൽ പട്ടാളം. ഫലസ്ത്വീൻ പൗരന്മാർക്കും ഇസ്രയേലീ കുടിയേറ്റക്കാർക്കും പ്രത്യേകം നിയമങ്ങളാണ്. ഫലസ്ത്വീനികൾക്ക് സഞ്ചാരത്തിനുപോലും കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. നിരവധി ചെക്ക് പോയന്റുകളിലൂടെ കടന്നു വേണം അവർക്ക് ലക്ഷ്യത്തിലെത്താൻ.

വെസ്റ്റ്ബാങ്കിലെയും മറ്റു പ്രദേശങ്ങളിലെയും ഫലസ്ത്വീനികളെ വൻ മതിൽ പണിത് വേർപെടുത്തിയിരിക്കുന്നു. ഏറ്റവും വലിയ മനുഷ്യാവകാശ ലംഘനമാണിത്. ആയിരക്കണക്കിന് വൃക്ഷങ്ങൾ വെട്ടിമാറ്റിയും ഫലസ്ത്വീനികളുടെ ഏക്കർ കണക്കിന് ഭൂമി കവർന്നെടുത്തുമാണ് മതിൽ പണിതത്. വൻ മതിലിനു പുറമെ ജോർദാൻ നദീതാഴ്വരയുടെ സമ്പൂർണ നിയന്ത്രണവും ഇസ്രയേൽ കൈപ്പിടിയിലൊതുക്കിയിരിക്കുന്നു. ഗസ്സയിലെ ജനങ്ങൾക്ക് പുറം ലോകവുമായി ബന്ധപ്പെടാൻ രണ്ടു മാർഗങ്ങളേയുള്ളൂ. അവ രണ്ടും ഇസ്രയേലിന്റെ നിയന്ത്രണത്തിലാണ്.

പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഹമാസ് സ്ഥാനാർഥികൾക്ക് വോട്ടു നൽകി വിജയിപ്പിച്ചതിന് ഇസ്രയേലും അമേരിക്കയും ചേർന്ന് ഫലസ്ത്വീനികളെ ശിക്ഷിക്കുകയാണ്. 42 ശതമാനം ജനങ്ങളും ഹമാസിനാണ് വോട്ടു നൽകിയത്. ഇതേത്തുടർന്നാണ് സാമ്പത്തിക ഉപരോധം ഏർപ്പെടുത്തിയത്. അധ്യാപകർ, നഴ്സുമാർ, പോലീസ് തുടങ്ങി സർക്കാർ ജീവനക്കാർ ശമ്പളം കിട്ടാതെ പ്രയാസപ്പെടുന്നു. ഗസ്സയിലെ ഭക്ഷ്യ വിതരണം സബ് സഹാറൻ ആഫ്രിക്കയിലെ പട്ടിണിയിൽ കഴിയുന്ന കുടുംബങ്ങളുടേതിന് തുല്യമാണെന്ന് യു.എൻ ഏജൻസികൾ മുന്നറിയിപ്പ് നൽകുന്നു. പകുതിയോളം കുടുംബങ്ങളും ദിവസം ഒരു നേരത്തെ ആഹാരവുമായാണ് കഴിച്ചുകൂട്ടുന്നത്.

ഇസ്രയേലീ ചരിത്രകാരനും ഹൈഫ സർവകലാശാല പ്രൊഫസറു

മായിരുന്ന ഇലാൻ പാപ്പെ എഴുതിയ *The Ethnic Cleansing of Palestine*,(Oneworld Publications, Oxford, England, 2006) എന്ന ഗ്രന്ഥവും സയണിസം ഉയർത്തുന്ന ഗുരുതരമായ ഭീഷണിയിലേക്ക് വിരൽ ചൂണ്ടുന്നു. ലോകാധിപത്യത്തിനായുള്ള സയണിസ്റ്റുകളുടെ ഗൂഢാലോചന പ്രതിപാദിക്കുന്ന *ദി പ്രോട്ടോക്കോൾസ് ഓഫ് ദി എൽഡേസ് ഓഫ് സിയോൺ* എന്ന രേഖ വ്യാജനിർമിതിയാണെന്ന ആരോപണങ്ങളിൽ കഴമ്പില്ലെന്നാണ് ആഗോള സയണിസത്തിന്റെ ചുവടുവെപ്പുകൾ നൽകുന്ന സൂചന. ഈ രേഖ മുന്നോട്ടുവെക്കുന്ന ഭീഷണിയെക്കുറിച്ച് മുൻ സുഊദി അറേബ്യൻ ഭരണാധികാരി ഫൈസൽ രാജാവ് നിരന്തരം താക്കീത് നൽകിയതിനെ ജറാൾഡ് പോസ്നർ എന്ന അമേരിക്കൻ ഗ്രന്ഥകാരൻ തന്റെ പുതിയ ഗ്രന്ഥത്തിൽ വിമർശിക്കുന്നു. എന്നാൽ യാങ്കീ-സയണിസ്റ്റ് ബാന്ധവം നാൾക്കുനാൾ ശക്തിപ്പെടുമ്പോൾ ഫൈസൽ രാജാവിന്റെ നിരീക്ഷണങ്ങൾ അത്ര പെട്ടെന്ന് തള്ളിക്കളയാവതല്ല.

ഇസ്രയേൽ എന്ന ഭീകര രാഷ്ട്രത്തിന്റെ ഫാഷിസ്റ്റ് തേർവാഴ്ചക്ക് സമ്മതപത്രം നൽകുകയാണ് പാശ്ചാത്യർ. അമേരിക്കയുടെയും ബ്രിട്ടന്റെയും ശക്തമായ പിന്തുണ ഇല്ലായിരുന്നെങ്കിൽ ജൂതരാഷ്ട്രം ഇവ്വിധം ഫലസ്തീനികൾക്കുമേൽ കടുത്ത മനുഷ്യാവകാശ ലംഘനങ്ങൾ നടത്തുമായിരുന്നില്ല. ഉയർന്ന യു.എൻ ഉദ്യോഗസ്ഥനെ വധിക്കാൻ ആഹ്വാനം ചെയ്തയാളെ പ്രധാനമന്ത്രിയാക്കിയ രാജ്യമാണ് ഇസ്രയേൽ. ഭീകരത പരസ്യമായി സ്പോൺസർ ചെയ്യുന്നയാളുകളേ അവിടെ പ്രധാനമന്ത്രിക്കസേര കണ്ടിട്ടുള്ളൂ. അവർക്കാണ് വൈറ്റ്ഹൗസിലും നമ്പർ ടെൻ ഡൗണിംഗ് സ്ട്രീറ്റിലും ചുവന്ന പരവതാനി വിരിക്കാറുള്ളത്. കോൺഗ്രസിലും ഹൗസ് ഓഫ് കോമൺസിലും അവരാണ് വിശിഷ്ടാതിഥികളായി, കരഘോഷങ്ങളോടെ വരവേൽക്കപ്പെടാറുള്ളത്. അവിടെ റിപ്പബ്ലിക്കനെന്നോ ഡെമോക്രാറ്റെന്നോ വ്യത്യാസമില്ല; ലേബർ, കൺസർവേറ്റീവ് ഭിന്നതയില്ല.

1948 മെയിൽ ജൂത രാഷ്ട്രപ്രഖ്യാപനമുണ്ടായയുടൻ അന്നത്തെ അമേരിക്കൻ പ്രസിഡന്റ് ഹാരി ട്രൂമാൻ അംഗീകാരം നൽകുകയായിരുന്നു. വിദേശകാര്യ നയരൂപീകരണ സമിതിയിലെ മുഴുവൻ ഉദ്യോഗസ്ഥരുടെയും ഉപദേശത്തിന് വിരുദ്ധമായാണ് ട്രൂമാൻ പൊടുന്നനെ പ്രഖ്യാപനം നടത്തിയത്. വിദേശകാര്യ സെക്രട്ടറി ജോർജ് സി. മാർഷൽ ഇതിന്റെ പേരിൽ പ്രസിഡന്റുമായി ഉടക്കുക പോലുമുണ്ടായി. എടുത്തുചാടിയുള്ള നീക്കം ദേശീയ താൽപര്യങ്ങൾക്കുപരി കുടിലമായ രാഷ്ട്രീയ താൽപര്യങ്ങൾക്ക് വഴിവെക്കുമെന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. ഇതിലും ശക്തമായ മുന്നറിയിപ്പാണ് സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റിന്റെ മധ്യപൗരസ്ത്യകാര്യ ബ്യൂറോ തലവൻ ലോയ് ഹെൻഡേഴ്സൻ നൽകിയത്. പുതിയ സയണിസ്റ്റ് രാജ്യത്തെ അംഗീകരിക്കുന്നത് അമേരിക്കയുടെ താൽപര്യങ്ങൾക്ക് വിരുദ്ധമായിരിക്കുമെന്നും അത് ഫലസ്തീൻ പ്രശ്നം അപരിഹാര്യമായി തുടരാൻ വഴിവെക്കുമെന്നും അദ്ദേഹം ഓർമിപ്പിച്ചു.

അമേരിക്കയുടെ ഇസ്രയേൽ ബാന്ധവം ജൂത-സയണിസ്റ്റ് ശാക്തീകരണത്തിന് വഴിവെക്കുകയാണ് ചെയ്തത്. അമേരിക്കയിലെ സമ്പന്നരായ ജൂത സമൂഹം സയണിസ്റ്റ് രാഷ്ട്രത്തിന് സർവസഹായവും നൽകുക മാത്രമല്ല, പ്രമുഖ രാഷ്ട്രീയ ചേരികളായ റിപ്പബ്ലിക്കൻ പാർട്ടിയുടെയും ഡെമോക്രാറ്റുകളുടെയും അധികാര പ്രവേശനത്തിന് സ്വാധീനശക്തിയായി വർത്തിക്കുകയും ചെയ്യുന്നു. ഇരു ചേരിയിലെയും നേതാക്കളും പ്രസിഡന്റ് പദവിയിലേക്കുള്ള പ്രാഥമിക പോരാട്ടത്തിലെ സ്ഥാനാർഥികളും സ്വന്തം രാജ്യത്തേക്കാൾ ഇസ്രയേലിനു വേണ്ടി വീറോടെ വാദിക്കുന്ന വിരോധാഭാസമാണ് അമേരിക്കയിൽ നിലനിൽക്കുന്നത്. ജോൺ മെക്കയിനും ഡെമോക്രാറ്റ് പ്രസിഡന്റ് സ്ഥാനാർഥിത്വത്തിനായി രംഗത്തുള്ള ഹിലാരി ക്ലിന്റനും ബാറാക് ഒബാമയുമൊക്കെ ഇസ്രയേലിനെ തൊട്ടാൽ ഇറാനെ തവിടുപൊടിയാക്കുമെന്നുമൊക്കെ വീരവാദം മുഴക്കിക്കൊണ്ടിരിക്കുന്നു. ഇലക്ഷനിൽ തങ്ങളെ ജയിപ്പിക്കുന്നത് സയണിസ്റ്റുകളുടെ ലോബിയിംഗാണെന്ന് ഇവർക്ക് നല്ല ബോധ്യമുണ്ട്. മാത്രമല്ല, കാമ്പയിനുവേണ്ടി പൊടിപൊടിക്കുന്ന കോടിക്കണക്കിന് ഡോളറുകൾ വാരി വിതറുന്നതും വൻകിട ജൂത ബിസിനസ് സ്ഥാപനങ്ങളാണ്.

ഓസ്ട്രേലിയയിലെ മെൽബൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ശാസ്ത്രജ്ഞനും ഗവേഷകനുമായ ഡോ. ഗിഡിയോൺ പോളിയയുടെ നിരീക്ഷണം ഞെട്ടിക്കുന്നതാണ്. ഇസ്രയേൽ നിലവിൽ വന്നതു കൊണ്ടു മാത്രം ലോകത്ത് 130 കോടി ജനങ്ങൾ അധികമായി മരണപ്പെട്ടുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ജീവസന്ധാരണ ഔഷധങ്ങൾ നിഷേധിച്ചു കൊണ്ടുമാത്രം ദിവസവും ഏഴു കുഞ്ഞുങ്ങളെയാണ് വംശീയ ഭ്രാന്തന്മാരായ സയണിസ്റ്റുകൾ കൊല്ലുന്നതെന്ന് യു.എൻ കണക്കുകൾ ഉദ്ധരിച്ച് അദ്ദേഹം പറയുന്നു. ജൂത രാഷ്ട്രം അറുപതാമാണ്ട് ആഘോഷിക്കുമ്പോൾ ലോകം അശാന്തിയുടെ അറുപതാം ദുരന്ത വാർഷികം ആചരിക്കുകയാണ്. ■